# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടകര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി പി8/532/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 26/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടകര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥന ഓഡിറ്റ് പകുപ്പ്(ഉപരി പത്രം സഹിതം)
2. അസി ഡവലപ്മെന്റ് കമ്മീഷൻ(ജനറൽ) കോഴിക്കോട്
3. കാര്യാലയ പ്രതി

നമ്പർ: കെ എസ് എ കെ കെ ഡി പി8/532/2022 തീയ്യതി: 26/03/2022

## കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പ്യാരി ലാൽ ടി സി | ജോയിന്റ് ഡയറക്ടർ | 18-03-2022 | 22-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-03-2022 | 22-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കെ.പി.ഹരി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
എ.കെ.ഷൈന, അസി.ഓഡിറ്റ് ഓഫീസർ ,
ജിഷ സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ ,
അഫ്സൽ.ടി.എം, ഓഡിറ്റർ,
ജിഷ.പി, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജീനബായി | സെക്രട്ടറി | 01-04-2019 | 31-05-2019 |
| സരുൺ കെ | സെക്രട്ടറി | 28-06-2019 | 16-09-2019 |
| രജിത കെ | സെക്രട്ടറി | 16-09-2019 | 31-03-2020 |
| കോട്ടയിൽ രാധാകൃഷ്ണൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| കണ്ണൻ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 27-06-2019 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ധന്യ | സി ഡി പി ഒ | 01-04-2019 | 31-03-2020 |
| ഉദയൻ കെ യു | അസി എക്സി എൻജിനീയർ | 01-04-2019 | 31-03-2020 |
| ഷീന സി എം | അസി എൻജിനീയർ | 01-04-2019 | 31-03-2020 |
| ഉസ്മാൻ പി കെ | മെഡിക്കൽ ഓഫീസർ | 01-04-2019 | 12-05-2019 |
| ചെറിയാൻ കെ ജി | മെഡിക്കൽ ഓഫീസർ | 13-05-2019 | 09-06-2019 |
| ഉസ്മാൻ പി കെ | മെഡിക്കൽ ഓഫീസർ | 10-06-2019 | 31-03-2020 |
| സുഷമ കെ പി | കൃഷി അസി ഡയറക്ടർ | 01-04-2019 | 31-03-2020 |
| ശ്രീലത കെ | ജെനറൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-12-2019 |
| ഗണേഷൻ എം വി | ജെനറൽ എക്സ്റ്റൻഷൻ ഓഫീസർ | 20-02-2020 | 31-03-2020 |
| വിശ്വൻ കോറോത്ത് | ഐ ഇ ഒ | 01-04-2019 | 15-10-2019 |
| അഷ്റഫ് ടി | ഐ ഇ ഒ | 16-10-2019 | 05-03-2020 |
| വിശ്വൻ കോറോത്ത് | ഐ ഇ ഒ | 06-03-2020 | 31-03-2020 |
| ശ്രീജിത്ത് പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Afsal T.M (Auditor, On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Afsal T.M (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 18-03-2022)<br>Last Updated By: Hari. K.P (Audit Officer (HG), On 22-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Afsal T.M (Auditor, On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Afsal T.M (Auditor, On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-6 |
| 7 | പദ്ധതി ആസൂത്രണം ഫലപ്രദമല്ല – പ്രവൃത്തി പൂർത്തീകരിച്ച ശേഷം തുക നൽകാനായി പദ്ധതി രൂപീകരിച്ചു<br>Written By: Jisha Samuel (Asst. Audit Officer, On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-7 |
| 8 | ആസൂത്രണമില്ലാതെ പദ്ധതികൾ രൂപീകരിക്കുന്നു - സർക്കാർ ഫണ്ടുകൾ പാഴാകുന്നതും, മറ്റപാകതകളും<br>Written By: Jisha Samuel (Asst. Audit Officer, On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-8 |
| 9 | തെറ്റായ ഇനം/ആവശ്യകതയില്ലാത്ത ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നത് അധിക ചെലവിനു കാരണമാകുന്നു<br>Written By: Jisha Samuel (Asst. Audit Officer, On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-9 |
| 10 | അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും പ്രവൃത്തി തുടങ്ങുന്നതിൽ കാലതാമസം<br>Written By: Jisha Samuel (Asst. Audit Officer, On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-10 |
| 11 | ജൈവ സമൃദ്ധി ബ്ലോക്ക് പഞ്ചായത്തിന്റെ നൂതന പദ്ധതി ഇതുവരെ ആരംഭിച്ചില്ല<br>Written By: Hari. K.P (Audit Officer (HG), On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-11 |
| 12 | പട്ടികജാതി വികസന ഓഫീസർ പദ്ധതികൾ നടപ്പിലാക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-12 |
| 13 | കൈമാറിക്കിട്ടിയ ഘടക സ്ഥാപനങ്ങൾക്ക് ദൈനംദിന ചെലവ് അനുവദിക്കൽ വൈദ്യുതിചാർജ് അനുവദിച്ചത് നിയമപ്രകാരം അല്ല<br>Written By: Shyna A.K (Asst. Audit Officer, On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-13 |
| 14 | വജ്ര ജൂബിലി ഫെല്ലോഷിപ്പ് കലാകാരന്മാർക്ക് ഓണറേറിയം നൽകൽ പദ്ധതി നടത്തിപ്പിലെ അപാകത<br>Written By: Shyna A.K (Asst. Audit Officer, On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-14 |

| | | |
|---|---|---|
| 15 | ഓർക്കാട്ടേരി സാമൂഹ്യകേന്ദ്രം ജനറേറ്റർ സ്ഥാപിക്കൽ സെന്റേജ് ചാർജ്ജ് ഈടാക്കി<br>Written By: Hari. K.P (Audit Officer (HG), On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-15 |
| 16 | ക്രാഡിൽ -അങ്കണവാടികൾ സ്മാർട്ട് ആക്കൽ പദ്ധതി - അപാകതകൾ<br>Written By: Jisha.P (Auditor, On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-16 |
| 17 | റീബോൺ-ഭിന്നശേഷി സമഗ്ര പദ്ധതി-ട്രൈവീൽ സ്കൂട്ടർ കൈമാറിയില്ല<br>Written By: Jisha.P (Auditor, On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-17 |
| 18 | പദ്ധതി നടപ്പാക്കിയതിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Afsal T.M (Auditor, On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-18 |
| 19 | റീബോൺ-ഭിന്നശേഷി സമഗ്ര പദ്ധതി<br>Written By: Jisha.P (Auditor, On 22-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Afsal T.M (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Afsal T.M (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Afsal T.M (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Afsal T.M (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ<br>Written By: Afsal T.M (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-7 |
| 9 | ചാർജ്/സർചാർജ്<br>Written By: Afsal T.M (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-8 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Afsal T.M (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-9 |

| | | |
|---|---|---|
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Afsal T.M (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 12-02-2019 തീയതിയിലെ 77/2018-19 നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 15413940 |
| വരവ് | 46179800 |
| ആകെ | 61593740 |
| ചെലവ് | 52453750 |
| നീക്കിയിരിപ്പ് | 9139990 |

എ) എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബജറ്റ് അപൂർണ്ണമാണ്.

ബി)വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുകയും ബജറ്റിൽ പരിഗണിച്ച തുകയും തമ്മിൽ പൊരുത്തമില്ല

താഴെ പറയുന്ന സർക്കാർ ഗ്രാന്റിനങ്ങളിൽ വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുകയും ബജറ്റിൽ (ഷെഡ്യൂൾ 4, പ്രകാരം) വരുമാനമായി പരിഗണിച്ച തുകയും തമ്മിൽ പൊരുത്തമില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗ്രാന്റിനം | വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | ബജറ്റ് ഷെഡ്യൂൾ 4, പ്രകാരം വകയിരുത്തിയ തുക | വാർഷിക പദ്ധതിയെ അപേക്ഷിച്ച് കുറവ് /കൂടുതൽ |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് (ജനറൽ) | 23902543 | 15818000 | 8084543 |
| 2 | എസ് സി പി | 2254000 | 2207000 | 47000 |
| 3 | മെയിന്റനൻസ് ഗ്രാന്റ് | 3160057 | 2576000 | 584057 |
| ആകെ | | | | 8715600 |

മേല്പറഞ്ഞതിൽ നിന്നും വാർഷിക പദ്ധതിക്ക് വകയിരുത്തിയ സർക്കാർ ഗ്രാന്റ് പൂർണ്ണമായും ബജറ്റിൽ പരിഗണിച്ചിട്ടില്ലെന്ന് കാണാം. 87,15,600/-രൂപയുടെ വ്യത്യാസം ഇവ തമ്മിലുണ്ട്.

സി) തനത് ഫണ്ട് വകയിരുത്തിയതിലും പൊരുത്തക്കേട്

സ്ഥാപനത്തിന്റെ ബജറ്റിൽ വാർഷിക പദ്ധതിക്ക് 2,60,600/- രൂപയും ബജറ്റ് പുതുക്കിയപ്പോൾ 3,66,606/- രൂപയും വകയിരുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും തുക

വകയിരുത്തിയിട്ടില്ല. തുടർ വർഷങ്ങളിൽ ബജറ്റ് തയാറാക്കുമ്പോൾ അപാകതകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കിലെ അപാകതകൾ

വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിവിധ ബാങ്ക് എകൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ 2019-20 വർഷത്തിൽ നടത്തിയിട്ടില്ല

   ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം LGTSB എകൗണ്ടിലെ 31/03/2020 ലെ ബാലൻസ് 8163655/- രൂപയാണ് എന്നാൽ RP 40(b) പ്രകാരം ഇത് 8144415/- രൂപയാണ്

2. B7 പ്രകാരം 416347/- രൂപ ഡെപോസിറ്റ് ആയി അവശേഷിക്കുന്നുണ്ട്. സ്ഥാപനത്തിൽ ഡെപോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വിശദ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല
3. B 18 പ്രകാരം ഇനത്തിൽ Advance To Implementing Officers ഇനത്തിൽ 441405 /- രൂപ അവശേഷിക്കുന്നു. ആയത് എത് ഇനത്തിൽ പെട്ടതാണെന്ന് പരിശോധിക്കാൻ രേഖകളുടെ അഭാവത്തിൽ സാധിച്ചില്ല.Advance Register സൂക്ഷിച്ചിട്ടില്ല.
4. വാർഷിക കണക്കിൽ, അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ കുറിപ്പിന് മറുപടി നൽകിയിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 91,54,215 |
| വരവ് | 2,22,42,364 |
| ആകെ | 3,13,96,579 |
| ചെലവ് | 2,22,65,501 |
| നീക്കിയിരിപ്പ് | 91,31,078 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | വരവ്(ACR പ്രകാരം) | ചെലവ്(ACR പ്രകാരം) | ചെലവഴിക്കാത്ത തുക | ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 23003000 | 13734802 | 9268198 | 59.7 |

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് (എസ് സി പി) | 2239000 | 1423000 | 816000 | 63.5 |
| | | | | |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 3013000 | 1411802 | 1601198 | 46.8 |
| | | | | |
| | | | | |
| ആകെ | 28255000 | 16569604 | 11685396 | 58.6 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 28255000രൂപയിൽ രൂപ 16569604 രൂപ മാത്രമാണ് പഞ്ചായത്തിന് ചെലഴിക്കാൻ കഴിഞ്ഞിട്ടുള്ളത് (58.6%) 11685396 രൂപ ലാപ്സായി

1-5 പദ്ധതി അവലോകനം

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതി വകയിരുത്തലും അതിൽ നിന്നുള്ള ചെലവും താഴെ പറയും പ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ശതമാനം |
|---|---|---|---|---|---|
| 60 | 40530162 | 41 | 16587604 | 19 | 40.9 |

1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-03-2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ലാത്തത് ബോധ്യപ്പെട്ടു.

1-7 പദ്ധതി ആസൂത്രണം ഫലപ്രദമല്ല – പ്രവൃത്തി പൂർത്തീകരിച്ച ശേഷം തുക നൽകാനായി പദ്ധതി രൂപീകരിച്ചു

2019-20വർഷത്തിൽ അസി.എക്സി.എഞ്ചിനീയർക്ക് നിർവ്വഹണം നടത്താനുണ്ടായിരുന്നത് മൂന്നു പ്രവൃത്തികളാണ്. ഇതിൽ ഒരെണ്ണം തൻവർഷം പൂർത്തീകരിച്ച പുതിയ പ്രോജക്ടും, മറ്റു രണ്ടെണ്ണം സ്പിൽഓവർ പ്രവൃത്തികളും. സ്പിൽഓവർ പ്രവൃത്തിയിൽ ഒരെണ്ണം (പ്രോ.നം.54/20) സുനാമി കോളനിയിൽ മാലിന്യ സംവിധാനം ഒരുക്കുന്നതിന് 11,17,562/-രൂപ അടങ്കലിലുള്ള പദ്ധതിയാണ് (2018-19 ൽ അടങ്കൽ 16,00,000/-). 2019-20 വർഷത്തിലും ഈ പദ്ധതിയ്ക്കായി ചെലവില്ല. ഈ പദ്ധതിയ്ക്കായി 2018-19 ൽ കരാറിൽ ഏർപ്പെട്ട് അതേ വർഷം പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അളവു പുസ്തകങ്ങൾ പ്രകാരം 18.6.2020 ന് പ്രവൃത്തി പൂർത്തീകരിച്ചു. എന്നാൽ 2020-21വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഈ പദ്ധതി നിർവ്വഹണത്തിനായി ഇല്ല. തുടർന്ന് പരിശോധിച്ചതിൽ ഈ പദ്ധതിയുടെ തുക നൽകാനായി 2021-22വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തുക നൽകൽ എന്ന പേരിൽ പദ്ധതി രൂപീകരിച്ചിരിക്കുന്നു. ഇത്തരത്തിൽ നിർവ്വഹണോദ്യോഗസ്ഥന് പദ്ധതി

നിർവ്വഹണം നൽകാതെ പ്രവൃത്തി പൂർത്തീകരണ ശേഷം മറ്റൊരു നിർവ്വഹണോദ്യോഗസ്ഥൻ ചെലവ് ചെയ്യുന്ന സാഹചര്യം ഉണ്ടാകാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-8 ആസൂത്രണമില്ലാതെ പദ്ധതികൾ രൂപീകരിക്കുന്നു - സർക്കാർ ഫണ്ടുകൾ പാഴാകുന്നതും, മറ്റപാകതകളും

2019-20 വർഷത്തിൽ അസി.എഞ്ചിനീയർക്ക് നിർവ്വഹണം നടത്താനുണ്ടായ പദ്ധതിയാണ് ബ്ലോക്ക് ഓഫീസ് അനുബന്ധ കെട്ടിടം അറ്റകുറ്റപണി (പ്രോ.നം.51/20). 2018-19 വർഷത്തിൽ 9,00,000/-രൂപ സംരക്ഷണഗ്രാന്റ് (റോഡിതരം) വകയിരുത്തി രൂപീകരിച്ച പദ്ധതിയ്ക്കായി 9,00,000/-രൂപ വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. പ്രവൃത്തി ULCCS Ltd യെ ഏൽപ്പിച്ച് നം.8/2018-19/2.7.18 പ്രകാരം കരാറിലേർപ്പെട്ടു. എന്നാൽ ഈ പദ്ധതിയുടെ അടങ്കൽ 4,00,000/-രൂപയായി കുറയ്ക്കാൻ 11.9.18 ലെ 42(01)/2018-19 നമ്പർ തീരുമാനപ്രകാരം ഭരണസമിതി തീരുമാനിച്ചു. അതു പ്രകാരമുള്ള പ്രവൃത്തികളാണ് ഈ പദ്ധതിയിൽ നടന്നത്.

പദ്ധതി ഫയൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ കൊടുക്കുന്നു,

- വിവിധ തിയ്യതികളിലായി അസി.എഞ്ചിനീയർ ULCCS Ltd. പ്രസിഡന്റിനും, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്കും പ്രവൃത്തികളിൽ അധികമായി ഉൾപ്പെടുത്തേണ്ട ഇനങ്ങളെക്കുറിച്ച് കത്ത് നൽകിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. 10.12.18ന് ULCCS Ltd. പ്രസിഡന്റിന് നൽകിയ കത്തിൽ ഫോട്ടോ തൂക്കാനായി മീറ്റിംഗ് ഹാളിൽ ഫ്രെയിം വർക്ക് നിർമ്മിക്കാനും, മെയിൻഗേറ്റിൽ നെയിംബോർഡ് സ്ഥാപിക്കാനും ആവശ്യപ്പെട്ടിരിക്കുന്നു. 19.1.19, 20.12.19 എന്നീ തിയ്യതികളിൽ സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ മീറ്റിംഗ് ഹാളിലെ മാറ്റങ്ങളെ കുറിച്ചും, ബ്ലോക്ക് ഓഫീസിന് വാട്ടർ ടാങ്ക് നിർമ്മിക്കൽ, ഓടിന് പെയിംന്റ് ചെയ്യൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതായി കാണുന്നുവെന്നും, എസ്റ്റിമേറ്റ് പുതുക്കുന്നതിനായി ഭരണസമിതിയ്ക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചു. എന്നാൽ നെയിംബോർഡ് സ്ഥാപിക്കുന്ന പ്രവൃത്തി ഈ പദ്ധതിയിൽ നടന്നതായി കാണുന്നില്ല. ബ്ലോക്ക് ഓഫീസ് അറ്റകുറ്റപണിക്കായി തയ്യാറാക്കിയ മറ്റൊരു പദ്ധതിയിലാണ് ഈ പ്രവൃത്തി നടത്തിയതായി കാണുന്നത്. യഥാർത്ഥ ആവശ്യങ്ങൾ തിരിച്ചറിയാതെയാണ് പദ്ധതി രൂപീകരിച്ചതെന്ന് മേൽ കത്തുകളിൽ നിന്നും, പദ്ധതിയുടെ അടങ്കൽ പകുതിയിലധികം കുറച്ചതിൽ നിന്നും വ്യക്തമാകുന്നു. യഥാർത്ഥ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് പദ്ധതി രൂപീകരിക്കാൻ സാധിക്കാതിരുന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്.
- എസ്റ്റിമേറ്റ് പുതുക്കാനായി 4.2.19ൽ ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷമാണ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് അളവു പുസ്തകത്തിലെ യഥാർത്ഥ അളവുകൾ ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റിൽ നിന്നും വ്യക്തമാകുന്നു. അതായത് എസ്റ്റിമേറ്റ് പുതുക്കുന്നതിന് ഭരണാനുമതി നേടിയ ശേഷം പ്രവൃത്തികൾ നടത്തുകയും, പ്രവൃത്തി പൂർത്തീകരണ ശേഷം യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തികളുൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.
- എക്സ്ട്രാഇനങ്ങൾ ഉൾപ്പെടെ ഈ പദ്ധതിയിലുൾപ്പെട്ട സിവിൽ പ്രവൃത്തികളെല്ലാം 5.11.19ന് പൂർത്തീകരിച്ച് ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികൾ 21.12.19നും ചെക്ക് മെഷർ ചെയ്തു. എന്നാൽ ഈ പ്രവൃത്തികളുടെ യഥാക്രമം 19,465/-, 88025/- വരുന്ന ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചത് 2020 ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ്. വൈകി നൽകിയ ഈ ബില്ലുകൾ ക്യൂബില്ലുകളാവുകയും തൻവർഷം ചെലവഴിക്കാനാകാതെ തുടർവർഷത്തെ ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വരികയും ചെയ്തു. പ്രവൃത്തി പൂർത്തീകരിച്ചിട്ടും ബിൽ നൽകാൻ വൈകിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.
- ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവശത്തുള്ള മരങ്ങൾക്ക് ചുറ്റും ലാറ്ററേറ്റ് കെട്ടി ഇരിപ്പിടം നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയം ഈ പ്രവൃത്തികളിൽ പലതും ഹൈവേ

വീതി കൂട്ടലിന്റെ ഭാഗമായി പൊളിച്ചിട്ട രീതിയിലാണുള്ളത്. പദ്ധതി രൂപീകരണ സമയം റോഡ് വീതി കൂട്ടുന്ന സാഹചര്യം കണക്കിലെടുക്കാതിരുന്നത് വിശദീകരിക്കേണ്ടതാണ്.

- എസ്റ്റിമേറ്റിൽ 13-ാമത്തെ ഇനമായി ഉൾപ്പെടുത്തിയത് പുതിയ നിർമ്മിതികളിന്മേൽ നടത്തുന്ന പെയിംന്റിംഗ് പ്രവൃത്തിയാണ് (13.60.1). എന്നാൽ അളവ് പുസ്തക പ്രകാരം കോൺഫറൻസ് ഹാളിന്റെ പെയിംന്റിംഗ് ആണ് ഇതിൽ നടത്തിയത്. നിലവിലുള്ള നിർമ്മിതികൾക്കു മുകളിൽ പെയിംന്റിംഗിനായി DARലെ അദ്ധ്യായം 14ലെ ഇനങ്ങളുണ്ടായിരിക്കെ മേൽ ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. യഥാർത്ഥ ആവശ്യങ്ങൾ മനസ്സിലാക്കാതെ പദ്ധതി രൂപീകരിക്കുന്നതും, പ്രവൃത്തി പൂർത്തീകരണ ശേഷം എസ്റ്റിമേറ്റ് പുതുക്കുന്നതും ഗുരുതര വീഴ്ചയായി കണക്കാക്കുന്നു. എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനെ സംബന്ധിച്ചും, വ്യാപകമായി പുതുക്കുന്നതു സംബന്ധിച്ചും 26.3.2021ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB1/10690/2020/CE/LID&EW നമ്പർ സർക്കുലർ ഇവിടെ പ്രസക്തമാണ്. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതും, മേൽ അപാകതകൾ സംഭവിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിച്ചിട്ടും യഥാസമയം ബിൽ സമർപ്പിക്കാതിരുന്നതും, എസ്റ്റിമേറ്റിൽ തെറ്റായ ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യവും വിശദീകരിക്കേണ്ടതാണ്.

## 1-9 തെറ്റായ ഇനം/ആവശ്യകതയില്ലാത്ത ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നത് അധിക ചെലവിനു കാരണമാകുന്നു

2019-20 വർഷത്തിൽ അസി.എക്സി.എഞ്ചിനീയർ, അസി.എഞ്ചിനീയർ എന്നിവർ നിർവ്വഹണം നടത്തിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ തെറ്റായ ഇനം/ആവശ്യകതയില്ലാത്ത ഇനം ഉൾപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ കൊടുക്കുന്നു,

- റോഡ് പ്രവൃത്തികളിൽ റോഡിന്റെ വശങ്ങൾ കരിങ്കല്ല് കെട്ടുന്നതിനുള്ള ഫൗണ്ടേഷനായി മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തിയ്ക്ക് മോർഡിലെ ഇനം 11.1.1.1 ആണ് ഉൾപ്പെടുത്തിയത്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material എന്നീ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. 30 Cm മാത്രം ആഴത്തിൽ മണ്ണെടുക്കുന്ന പ്രവൃത്തിയ്ക്ക് മേൽ ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.
- ഓർക്കാട്ടേരി സി.എച്ച്.സി.യുടെ പുതിയ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി രൂപീകരിച്ച പദ്ധതിയിൽ(പ്രോ.നം.50/20)മുകൾ നിലയിലേയ്ക്കുള്ള റാമ്പിന്റെ ടൈലിംഗിനായി ഉൾപ്പെടുത്തിയത് DARലെ ഐറ്റം 16.90 ആണ്. ആയതിന്റെ വിവരണം പരിശോധിച്ചാൽ ഫുട്ട്പാത്ത്, കോർട്ട്യാർഡ് പോലുള്ള ഔട്ട്ഡോർ നിലങ്ങളിൽ കാഴ്ച കുറവുള്ള ആളുകൾക്ക് വേണ്ടി ടാക്റ്റൈൽ ടൈൽ പാകുന്നതിനു വേണ്ടിയുള്ളതാണെന്ന് കാണാം. കാഴ്ചക്കുറവുള്ളവർക്ക് അവരുപയോഗിക്കുന്ന സ്റ്റിക് ഉപയോഗിച്ചും അല്ലെങ്കിൽ വേറിട്ടു നിൽക്കുന്ന നിറത്താലും അവരെ ശരിയായ ദിശയിൽ നയിക്കുന്ന വിധത്തിനാണ് ഇതിന്റെ പാകലും നടത്തേണ്ടത്. എന്നാൽ സി.എച്ച്.സി.യിൽ ഇത് മുകൾ നിലയിലേയ്ക്കുള്ള റാമ്പിന്റെ ടൈലിംഗിനാണ് ഉപയോഗിച്ചിരിക്കുന്നത്. മറ്റു ടൈൽ പ്രവൃത്തികളേക്കാൾ താരതമ്യേന നിരക്ക് വളരെ കൂടുതലുള്ള ഈയിനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.
- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 53/20 സി.എച്ച്.സി.ഓർക്കാട്ടേരിയിൽ വയോജനങ്ങൾക്കുള്ള ഫിസിയോതെറാപ്പി-പാലിയേറ്റീവ് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഫൗണ്ടേഷനായി മണ്ണെടുക്കുന്ന പ്രവൃത്തികളും, തുടർന്ന് പ്ലിന്ത് ഫില്ലിംഗും നടന്നിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയ

എസ്റ്റിമേറ്റ് പരിശോധിച്ചാൽ പ്ലിന്ത് ഫില്ലിംഗിനായി ഉൾപ്പെടുത്തിയത് ഐറ്റം 50.2.25.1 ആണ്. അതായത് കോൺട്രാക്ടറുടെ മണ്ണുപയോഗിച്ചുള്ള ഫില്ലിംഗ് പ്രവൃത്തിയാണിത്. ഈ പ്രവൃത്തിയുടെ അളവു പുസ്തകങ്ങൾ പരിശോധിച്ചതിൽ മണ്ണെടുക്കുന്ന പ്രവൃത്തി 51.55m$^3$ അളവിൽ നടന്നപ്പോൾ 30.17m3 ഫില്ലിംഗ് പ്രവൃത്തിയാണ് നടന്നിട്ടുള്ളത്. കുഴിച്ചെടുത്ത മണ്ണ് തന്നെ ഫില്ലിംഗിന് മതിയാകുമായിരുന്നുവെന്ന് ഈ അളവുകളിൽ നിന്നും വ്യക്തമാണ്. എന്നിട്ടും മണ്ണിന്റെ വില കൂടി ഉൾപ്പെടുന്ന മേൽ ഐറ്റം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെലവു നടത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. ഈയിനത്തിൽ പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്താതിരുന്നത് വിശദീകരിക്കേണ്ടതാണ്.

- ബ്ലോക്ക് ഓഫീസ് കെട്ടിടത്തിലെ അറ്റകുറ്റ പണികൾക്കായി ((പ്രോ.നം.51/20) തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 13മത്തെ ഇനമായി ഉൾപ്പെടുത്തിയത് പുതിയ നിർമ്മികളിന്മേൽ നടത്തുന്ന പെയിംന്റിംഗ് പ്രവൃത്തിയാണ് (13.60.1). എന്നാൽ അളവു പുസ്തക പ്രകാരം നിലവിലുള്ള കോൺഫറൻസ് ഹാളിന്റെ പെയിംന്റിംഗ് ആണ് ഇതിൽ നടത്തിയത്. നിലവിലുള്ള നിർമ്മിതികൾക്കു മുകളിൽ പെയിംന്റിംഗിനായി DARലെ അദ്ധ്യായം 14ലെ ഇനങ്ങളുണ്ടായിരിക്കെ മേൽ ഈനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭിച്ചില്ല. എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതും, ആവശ്യകതയ്ക്കനുസരിച്ചുള്ള ഇനങ്ങൾ തെരെഞ്ഞെടുത്ത് ഈയിനത്തിലുണ്ടാകുന്ന അധിക ചെലവ് ഒഴിവാക്കേണ്ടതുമാണ്. മേൽ പദ്ധതികളിൽ ഇത്തരത്തിൽ ഇനങ്ങൾ തെരെഞ്ഞെടുക്കാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിക്കേണ്ടതാണ്.

1-10 അഡ്വാസ് തുക കൈപ്പറ്റിയിട്ടും പ്രവൃത്തി തുടങ്ങുന്നതിൽ കാലതാമസം

2019-20 വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ റോഡ് പ്രവൃത്തികൾ ഏൽപ്പിച്ച ULCCS ന് അഡ്വാൻസ് തുകകൾ 30.9.19 ന് നൽകിയെങ്കിലും ഈ പ്രവൃത്തികൾ ആരംഭിക്കുന്നത് 2020 ജനവരി മാസത്തിലാണ്. വിശദാംശം ചുവടെ കൊടുക്കുന്നു

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര്/നമ്പർ | കാനോത്ത്മുക്ക് ചാറയിൽ റോഡ്-ചോറോട് പഞ്ചായത്ത്, 20/20 | ചേന്ദമംഗലം രയരോത്ത് പാലംറോഡ്-ചോറോട് പഞ്ചായത്ത്, 22/20 |
| അടങ്കൽ | 5,00,000/-വികസനഫണ്ട് ജനറൽ | 10,00,000/- വികസനഫണ്ട് ജനറൽ |
| അഡ്വാൻസ് തുക/തിയ്യതി | 1,00,000/- 30.9.19 | 2,00,000/- 30.9.19 |
| പ്രവൃത്തി ആരംഭിച്ച തിയ്യതി | 14.1.20 | 3.1.20 |

മേൽ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ അഡ്വാൻസ് തുക സെപ്റ്റംബർ മാസത്തിൽ കൈപ്പറ്റിയിട്ടും പ്രവൃത്തി ആരംഭിക്കാൻ വൈകിയതുമൂലം ഈ പദ്ധതികൾ തൻവർഷം പൂർത്തീകരിച്ചിട്ടും ബിൽ തുക നൽകാൻ സാധിച്ചില്ല. രണ്ടു പ്രവൃത്തികളും 2020ഫെബ്രുവരി 28, 29 തിയ്യതികളിലായി

പൂർത്തീകരിച്ച് മാർച്ച് മാസത്തിൽ ബിൽ ട്രഷറിയിൽ സമർപ്പിച്ചെങ്കിലും ക്യൂ ബില്ലുകളായി മാറി. അതുകൊണ്ടു തന്നെ ഈ ചെലവുകൾ തുടർവർഷത്തെ വികസനഫണ്ടിൽ നിന്നും നൽകേണ്ടി വന്നു. ഇതു 2019-20വർഷത്തെ പദ്ധതി ചെലവ് കുറയുന്നതിനും, തൻവർഷ പദ്ധതികൾക്കായി ലഭിച്ച ഫണ്ടിനങ്ങൾ ലാപ്സാവുന്നതിന് കാരണമാകുകയും ചെയ്തു. 2019-20 വർഷത്തിൽ 92,68,198/- രൂപയാണ് വികസനഫണ്ടിനത്തിൽ ലാപ്സാക്കിയിരിക്കുന്നത്.

വളരെ കുറച്ചു പദ്ധതികൾ മാത്രം നിർവ്വഹണം നടത്താനുണ്ടായിട്ടും മേൽ വിവരിച്ച രീതിയിൽ ഏൽപ്പിച്ച പ്രവൃത്തികളുടെ യഥാസമയത്തുള്ള നിർവ്വഹണം മോണിറ്റർചെയ്യാൻ സാധിക്കാതിരുന്നത് വിശദീകരിക്കേണ്ടതാണ്.

1-11 ജൈവ സമൃദ്ധി ബ്ലോക്ക് പഞ്ചായത്തിന്റെ നൂതന പദ്ധതി ഇതുവരെ ആരംഭിച്ചില്ല

ബ്ലോക്ക് പഞ്ചായത്തും വടകര അഗ്രോ സർവ്വീസ് സെന്ററും സംയുക്തമായി നടത്താൻ ഉദ്ദേശിച്ച പദ്ധതിയാണ് ജൈവ സമൃദ്ധി. ബ്ലോക്ക് പരിധിയിലെ 4 ഗ്രാമപഞ്ചായത്തുകളിലെ ക്ഷീര കർഷകരിൽ നിന്ന് ചാണകവളം ശേഖരിച്ച്, ബ്ലോക്ക് ഓഫീസ് പരിസരത്ത് ഷെഡ് നിർമ്മിച്ച് പൾവറൈസർ മുഖേന ചാണകം പൊടിച്ച് ഇതിൽ കടലപ്പൊടി, ചെറുപയർ പൊടി, ഉണ്ടവെല്ലം, ഗോമൂത്രം, തേങ്ങാവെള്ളം എന്നിവ ചേർത്ത് വളം തയ്യാറാക്കാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന് ഒരു ഷെഡ് നിർമ്മിക്കേണ്ടതും, പൾവറൈസർ ഘടിപ്പിക്കേണ്ടതുമുണ്ട്. കൂടാതെ വളം പേക്ക് ചെയ്യാൻ താഴെ കൊടുത്ത സാധനങ്ങളും ആവശ്യമാണ്.

1) വളം അളക്കാൻ ഇലക്ട്രോണിക് ത്രാസ്

2) 50 കി.ഗ്രാം. , 25, 10, 5 കി.ഗ്രാം എന്നീ തൂക്കത്തിൽ ഉൾക്കൊള്ളുന്ന പ്ലാസ്റ്റിക് കവർ

3) പടന്ന, കൈക്കോട്ട് 4 വീതം

4) റബ്ബർ കൊട്ട (10 കി.ഗ്രാം. നിറയ്ക്കാവുന്നത്) 5 എണ്ണം

5) റോസ് കാൻ(5 ലിറ്റർ) 4 എണ്ണം

ഇത് നടപ്പാക്കാൻ 2019-20 വർഷത്തിൽ നൂതന പദ്ധതി തയ്യാറാക്കുകയും, (33/20) 395000 രൂപ വകയിരുത്തുകയും ചെയ്തു. താഴെ കൊടുത്ത ബിൽ പ്രകാരം പ്ലാൻഫണ്ട് ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ നമ്പർ | തുക | ചെലവ് വിശദാംശം |
|---|---|---|---|
| 1 | 19170363011100668538<br>തീയതി 10.10.2019 | 130000 | വടകര ആഗ്രോ സർവ്വീസ് സെന്ററിന് നൽകി |
| 2 | 19170363011101267690<br>തീയതി 13.02.2020 | 40000 | 1)ഷനോജ് എം.കെ<br>ഫാബ്രിക്കേഷൻ വർക്ക്<br>തുക 13650 |
| | | | 2)റെയ്ഡ്കോ പേരാമ്പ്ര<br>ഇലക്ട്രോണിക് ത്രാസ്<br>തുക 16065 |
| | | | 3)വടകര ആഗ്രോ സർവ്വീസ് സെന്റർ<br>തുക 10285 |

| | | | |
|---|---|---|---|
| 3 | 19170363011101491335<br>തീയതി 13.03.2020 | 114003 | 1) കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡസ്ക് ടോപ്പ് 48005 |
| | | | 2) കെ.എസ്.ഐ.ഇ ഡബിൾ ഹീഡർ ബ്ലാക്ക് ക്ലോഷർ മെഷീൻ 9498 |
| | | | 3) റെയ്ഡ്കോ പേരാമ്പ്ര പൾവറൈസർ 56500 |
| 4 | 19170363011101516809<br>തീയതി 17.03.2020 | 89500 | 1) വടകര ആഗ്രോ സർവ്വീസ് സെന്ററിന് വർക്കിംഗ് ക്യാപ്പിറ്റൽ 55000 |
| | | | 2) ട്രാൻസ്പോർട്ടേഷൻ 15000 |
| | | | 3) ലൈസൻസ് 4500 |
| | | | 4) പാരിസ് മെറ്റീരിയൽ 15000 |
| 5 | 19170363011101516822<br>തീയതി 17.03.2020 | 21497 | 1) ഷാഡോനെറ്റ് - 1 5000 |
| | | | 2) സിൽപോളിൻ 1 15000 |
| | | | 3) ഡിസ്‌പ്ലേ ബോർഡ് 1497 |
| | | | വടകര ആഗ്രോ സർവ്വീസ് സെന്ററിന് നൽകി. |

ബിൽ, അനുബന്ധ ഫയൽ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1) മേൽ കാണിച്ച ചെലവിൽ 251282 രൂപ വടകര ആഗ്രോ സർവ്വീസ് സെന്ററിനാണ് തുക നൽകിയത്. ഇത് ഷെഡ് നിർമ്മാണം, വർക്കിംഗ് ക്യാപ്പിറ്റൽ എന്നിവയ്ക്കാണ്. ഇതിൽ ആദ്യ ബിൽ പ്രകാരമുള്ള 130000 രൂപ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ നൽകിയതാണ്. ഇത് ഷെഡ് നിർമ്മാണത്തിന്റേതാണ്. എന്നാൽ സ്ഥലം പരിശോധിച്ചതിൽ ഷെഡ് നിർമ്മാണം, പൾവറൈസർ ഫിറ്റിംഗ് എന്നിവ മാത്രമാണ് നടപ്പായത്. വളം നിർമ്മാണം ആരംഭിച്ചിട്ടില്ല. 2019 ൽ നൽകിയ വർക്കിംഗ് ക്യാപ്പിറ്റൽ തുക 55000 രൂപ സെന്ററിന്റെ കൈവശമാണുള്ളത്. പ്രവർത്തനം ആരംഭിക്കാതെ വർക്കിംഗ് ക്യാപ്പിറ്റൽ എന്തിന് നൽകിയെന്ന് വ്യക്തമാകുന്നില്ല.

2) മേൽ വൗച്ചർ പ്രകാരം വാങ്ങിയ ഇലക്ട്രോണിക് ത്രാസ്, ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ എന്നിവ എവിടെയാണ് സൂക്ഷിച്ചതെന്ന് വിശദീകരിച്ചിട്ടില്ല.

3) 2 വർഷം മുമ്പെ തന്നെ പൾവറൈസർ വാങ്ങിയതിനാൽ ഇപ്പോൾ അതിന്റെ ഗ്യാരണ്ടി കഴിഞ്ഞിരിക്കുകയാണ്. എന്നാൽ ഇതുവരെ അത് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. കൂടാതെ പ്രസ്തുത ഷെഡിന്റെ ഇലക്ട്രിഫിക്കേഷൻ 2021-22 വർഷമാണ് ചെയ്യുന്നത്. ബിൽഡിംഗ്/ഷെഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിനൊപ്പം തന്നെ ഇലക്ട്രിഫിക്കേഷൻ കൂടി ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഈ കാലതാമസം ഒഴിവാക്കാമായിരുന്നു.

പദ്ധതി ലക്ഷ്യം കൈവരിക്കാതിരുന്നതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ കുറിപ്പിന് മറുപടി നൽകിയില്ല. പദ്ധതി ലക്ഷ്യം കൈവരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നത് വരെ ചെലവ് തുക 395000/- തടസ്സത്തിൽ വെക്കുന്നു.

1-12 പട്ടികജാതി വികസന ഓഫീസർ പദ്ധതികൾ നടപ്പിലാക്കുന്നില്ല

വടകര ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി ഗുണഭോക്താക്കളുടെ ക്ഷേമത്തിനായി പദ്ധതികൾ നിർവ്വഹിക്കാൻ ചുമതലയുള്ള പട്ടികജാതി വികസന ഓഫീസർ തൻ വർഷം യാതൊരു പദ്ധതികളും നടപ്പിലാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ അഴിയൂരിൽപ്രവർത്തിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വേണ്ടിയുള്ള പ്രീമെടിക് ഹോസ്റ്റൽ പ്രവർത്തിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കി ആവശ്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കേരള പഞ്ചായത്തീരാജ് നിയമം 72 വകുപ്പ് പട്ടിക 4 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലുള്ള പ്രീ മെടിക്ക് ഹോസ്റ്റലുകളുടെ നടത്തിപ്പ് എന്ന ചുമതല നിർവഹിച്ചിട്ടില്ല. പട്ടികജാതി ക്ഷേമത്തിനായി ലഭിക്കുന്ന വികസന ഫണ്ട് (എസ്.സി.പി) ഫണ്ട് വിനിയോഗിക്കുന്നതിനായി മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ 2254000 രൂപ വകയിരുത്തി പദ്ധതികൾ തയാറാക്കി 1423000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ എസ്.സി.ഡി.ഒ യാതൊരു പദ്ധതിയും തന്റെ ചുമതലയിൽ പെട്ട കാര്യത്തിനായി വകയിരുത്തി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

1-13 കൈമാറിക്കിട്ടിയ ഘടക സ്ഥാപനങ്ങൾക്ക് ദൈനംദിന ചെലവ് അനുവദിക്കൽ വൈദ്യുതിചാർജ് അനുവദിച്ചത് നിയമപ്രകാരം അല്ല

പദ്ധതി - 11/ 19-20

ചെലവ് തുക - 113560 (റോഡിതര മെയിന്റനൻസ് ഗ്രാൻറ്)

പദ്ധതിയിൽ വൈദ്യുതി ചാർജ് അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ദൈനംദിന ചെലവുകൾക്ക് നടപ്പിലാക്കിയ പദ്ധതിയിൽ സി. എച്ച്.സി ഓർക്കാട്ടേരി യിലെ വൈദ്യുതി ചാർജ് അടവാക്കിയിട്ടുണ്ട്. 1166268010306, 11662620110018, 1166267011341 എന്നീ കൺസ്യൂമർ നമ്പരിലുള്ള വൈദ്യുതി കണക്ഷൻ ആണ് ആശുപത്രിയിൽ ഉപയോഗത്തിലുള്ളത് എന്നാൽ 656777/9.10.19 പ്രകാരം താഴെ പറയുന്ന കണക്ഷനുകളുടെ ചില മാസങ്ങളിലെ ബില്ലുകൾ പ്രകാരമുള്ള തുകകൾ കൂടി ഈ പദ്ധതിയിൽ അടവാക്കിയതായി കാണുന്നു. വിശദാംശങ്ങൾ.

| കൺസ്യൂമർ നമ്പർ | അടവാക്കിയ തുക | തിയ്യതി |
|---|---|---|
| 116626400237 | 110 | 15.3.19 |
| | 30 | 18.3.19 |
| | 125 | 15.5.19 |
| | 130 | 16.7.19 |
| 1166261000821 | 248 | 15.5.19 |

| | | |
|---|---|---|
| 1166264000822 | 146 | 28.6.19 |
| 1166263000825 | 69 | 28.6.19 |
| | 255 | 28.6.19 |
| ആകെ | 1113 | |

അന്വേഷണത്തിൽ പ്രസ്തുത കൺസ്യൂമർ നമ്പർ എല്ലാം തന്നെ സ്റ്റാഫ് കോട്ടേഴ്സ് ആണെന്ന് ആശുപത്രി അധികൃതർ വിശദീകരിച്ചു. സ്റ്റാഫ് കോട്ടേഴ്സ് വൈദ്യുതിചാർജ് അവിടെ താമസിക്കുന്നവരിൽ നിന്ന് ഈടാക്കി അടവാക്കേണ്ടതാണ്. തുക മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അടവാക്കിയത് ശരിയല്ല. വൈദ്യുതി ചാർജ് അനുവദിക്കുമ്പോൾ തുക അടവാക്കിയതിന്റെ ബിൽ മാത്രമാണ് ഹാജരാക്കുന്നത് അതിന്റെ ഡിമാൻഡ് നോട്ടീസ് വൗച്ചറിനോടൊപ്പം സമർപ്പിക്കുന്നില്ല. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 വജ്ര ജൂബിലി ഫെല്ലോഷിപ്പ് കലാകാരന്മാർക്ക് ഓണറേറിയം നൽകൽ പദ്ധതി നടത്തിപ്പിലെ അപാകത

പദ്ധതി -4/19-20

ചെലവ് - 27000/ വികസന ഫണ്ട് ജനറൽ

18000/ ജില്ലാ പഞ്ചായത്ത് വിഹിതം

സാംസ്കാരിക വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന യുവജന കലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയിലുള്ള കലാകാരന്മാർക്ക് ഹോണറേറിയം നൽകുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 4 ഗ്രാമപഞ്ചായത്തുകളിലേക്കായി വിവിധ മേഖലകളിൽ (തിറ, തെയ്യം, ചിത്രകല) കഴിവു തെളിയിച്ച കലാകാരൻമാരെ ഈ മേഖലയിൽ പരിശീലനം നൽകുന്നതിനായി സാംസ്കാരികവകുപ്പ് നിയോഗിച്ചിട്ടുണ്ട്. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 23.7.18 ലെ എ-5/2939/17/സാം.വ നമ്പർ കത്ത് പ്രകാരം വടകര ബ്ലോക്ക് പഞ്ചായത്തിലെ ക്ലസ്റ്ററുകളിൽ കലാപരിശീലനത്തിനായി മൂന്നു കലാകാരന്മാരെ നിയോഗിച്ചിട്ടുണ്ട്. ശ്രീ അഭിഷേക് പി.എം (അഡ്മിഷൻ നമ്പർ FLW/2017/1814), ശ്രീ.അഖിലേഷ് (FLW/2017/1815), ശ്രീ.സബിൻദാസ്.എസ് (FLW/2017/1415), എന്നീ കലാകാരന്മാരാണ് നിയോഗിച്ചിട്ടുള്ളത് എന്നാൽ ഈ പദ്ധതിപ്രകാരം ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ശ്രീ.നിധിൻ. ടി.കെ എന്ന കലാകാരന് 10000 രൂപ ഓണറേറിയം അനുവദിച്ചിട്ടുണ്ട് (ബിൽ നമ്പർ 74331/14.2.20-6000,45521 /7.3.20-4000) ശ്രീ.നിധിൻ. ടി.കെ യെ വടകര ബ്ലോക്ക് ക്ലസ്റ്ററിൽ കലാ പരിശീലനത്തിന് നിയമിച്ചിട്ടുള്ള സാംസ്കാരിക വകുപ്പിന്റെ ഉത്തരവുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഉത്തരവ് ലഭ്യമാക്കുന്നത് വരെ 10000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-15 ഓർക്കാട്ടേരി സാമൂഹ്യകേന്ദ്രം ജനറേറ്റർ സ്ഥാപിക്കൽ സെന്റേജ് ചാർജ്ജ് ഈടാക്കി

ഓർക്കാട്ടേരി സാമൂഹ്യ കേന്ദ്രത്തിൽ ജനറേറ്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 2019-20 വർഷം ഒരു പദ്ധതി തയ്യാറാക്കുകയും, (പ്രോജക്ട് നമ്പർ 60/20) ബിൽ നമ്പർ 19170363011700832736/16.11.2019 പ്രകാരം 967130 രൂപ പി.ഡബ്യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ വിഭാഗത്തിന് ഡപ്പോസിറ്റ്

ചെയ്യുകയും ചെയ്തു. പി.ഡബ്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗം ബ്ലോക്ക് പഞ്ചായത്തിന് നൽകിയ എസ്റ്റിമേറ്റ് 850000 രൂപയുടേതാണ്. ഈ തുകയ്ക്ക് പുറമേ എസ്റ്റിമേറ്റ് തുകയുടെ 13.78% ആയ 117130 രൂപ ഉൾപ്പെടെ 967130 രൂപയാണ് ബ്ലോക്ക് പഞ്ചായത്ത് അടവാക്കിയത്.

പി.ഡബ്ല്യൂ.ഡി മാന്വൽ ഖണ്ഡിക 1601.4 പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജ്ജ് 2.5% തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. പി.ഡബ്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗം നൽകിയ എസ്റ്റിമേറ്റിൽ 8.5 ലക്ഷത്തിന് പുറമെ 13.78% സെന്റേജ് ചാർജ്ജിൽ മേൽ കാണിച്ച 2.5% ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം സെന്റേജ് ചാർജ്ജിനത്തിൽ വാങ്ങിയ 13.78% തുകയിൽ എസ്റ്റിമേറ്റ് പ്രിപ്പറേഷന് വേണ്ട 2.5% ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ പ്രസ്തുത തുക 850000 X 2.5/100 = 21250 രൂപ പി.ഡബ്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്ന് തിരികെ ഈടാക്കി തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ക്രാഡിൽ -അങ്കണവാടികൾ സ്മാർട്ട് ആക്കൽ പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം.S0064/20

നിർവ്വഹണ ഉദ്യാഗസ്ഥൻ : സി.ഡി.പി.ഒ

അടങ്കൽ തുക : 675000(വികസന ഫണ്ട് -ജനറൽ)

ചെലവ് തുക : 52265

2019-20 വർഷം അലി സ്റ്റോർസ് എന്ന സ്ഥാപനത്തിന് താഴെ പറയുന്ന ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./തിയ്യതി | തുക |
|---|---|---|
| 1 | 75/19-20/25.3.20 | 16265 |
| 2 | 71/19-20/25.3.20 | 36000 |

മേൽ സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ പ്രകാരം സാധനങ്ങൾ വാങ്ങുന്നതിന്റെ തീരുമാനം, അലി സ്റ്റോർസ് എന്ന സ്ഥാപനം നൽകിയ 16,625 /- രൂപയുടെ ബിൽ എന്നിവ ഫയലിൽ ലഭ്യമല്ല. രേഖകൾ ഹാജരാക്കാത്തതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അലി സ്റ്റോർസ് എന്ന സ്ഥാപനം നൽകിയ 16,625 /- രൂപയുടെ ബിൽ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ക്വട്ടേഷൻ സംബന്ധിച്ച രേഖകൾ, ബിൽ എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-17 റീബോൺ-ഭിന്നശേഷി സമഗ്ര പദ്ധതി-ട്രൈവീൽ സ്കൂട്ടർ കൈമാറിയില്ല

റീബോൺ-ഭിന്നശേഷി സമഗ്ര പദ്ധതിയിൽ ബിൽ നം.41/19-20/17.2.20 ൽ 2,10,000/-രൂപയ്ക്ക് Ace Motors ൽ നിന്നും ഹീറോ മാസ്റ്റോയുടെ 3 സൈഡ് വീൽ സ്കൂട്ടർ വാങ്ങിയിരുന്നു. ഈ ബിൽ 2019-20 വർഷം ക്യൂ ബിൽ ആയതിനാൽ ചെലവിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഫയൽ പരിശോധനയിൽ 3 സൈഡ് വീൽ സ്കൂട്ടറിൽ ഒരെണ്ണം ഉണഭോക്താവിന് കൈമാറിയിട്ടില്ല എന്ന് കണ്ടു. പ്രസ്തുത സ്കൂട്ടർ അബൂബക്കർ ,ചോറോട് ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തെങ്കിലും ഇദ്ദേഹം മരണപ്പെട്ടതിനാൽ വാഹനം കൈമാറാൻ സാധിച്ചിരുന്നില്ല എന്നും അറിയിച്ചു. നിലവിൽ ഓണർഷിപ്പ് ശ്രീ.അബൂബക്കർ എന്നയാളുടെ പേരിൽ നിന്നും ട്രാൻസ്ഫർ ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ വാഹനം അർഹമായ നാലാമത്തെ ഉണഭോക്താവിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പദ്ധതി നടപ്പാക്കിയതിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തുകൾക്ക് വിവിധ പദ്ധതികൾക്ക് വിഹിതം നൽകിയിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു

| പ്രോജക്ട് | ചെലവ് തുക | ബിൽ നമ്പർ തിയ്യതി | നിർവഹണോദ്യോഗസ്ഥന്റെ പേര് | റിമാർക്സ് |
|---|---|---|---|---|
| 12/19-20 പട്ടികജാതിക്കാർക്ക് പഠനമുറിയിൽ നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 395000 വികസന ഫണ്ട് ജനറൽ | 254173/21.6.19 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | അഴിയൂർ ഗ്രാമപഞ്ചായത്തിന് കൈമാറിയ തുക വിനിയോഗിച്ചു . പഠനമുറി നിർമ്മിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല |
| 21/19-20 പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ ലൈഫ് പദ്ധതി ജനറൽ) | 4897463 വികസന ഫണ്ട് ജനറൽ | 251347/20-6-19 | | 10,00,000-ഏറാമല ഗ്രാമപഞ്ചായത്ത് |
| | | 342470/15.719-1919502 | | 7,00,000-ചോറോട് ഗ്രാമപഞ്ചായത്ത് |
| | | | | 4,75,268-അഴിയൂർ ഗ്രാമപഞ്ചായത്ത് |
| | | | | 4,95,284-ഏറാമല ഗ്രാമപഞ്ചായത്ത് |
| | | | | 2,48,950-ഒഞ്ചിയം ഗ്രാമപഞ്ചായത്ത് |
| | | 506708/27.8.19 | | 15,00,000-ഏറാമല ഗ്രാമപഞ്ചായത്ത് |
| | | 305265/19.2.20 | | 2,60,000-എറാമല ഗ്രാമപഞ്ചായത്ത് |
| | | 340117/25.2.20 | | 1,77,961-ഏറാമല ഗ്രാമപഞ്ചായത്ത് |
| | | 626428/24.3.20 | | 40,000-ചോറോട് ഗ്രാമപഞ്ചായത്ത് വിനിയോഗ വിവരം ലഭ്യമായിട്ടില്ല |
| 7/19-20 സ്നേഹസ്പർശം ജില്ലാ പഞ്ചായത്തിന് ബ്ലോക്ക് വിഹിതം | 500000 വികസന ഫണ്ട് ജനറൽ | 594907/20.9.19 | | സ്നേഹ സ്പർശം കിഡ്നി പേഷ്യന്റ് വെൽഫെയർ സൊസൈറ്റിയുടെ പേരിൽ നൽകിയ തുകയ്ക്ക് വിനിയോഗ വിവരം ലഭിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 42/19-20 ശിശുസൗഹൃദ അംഗനവാടി ഗ്രാമപഞ്ചായത്തിന് തുക നൽക്ൽ | 42447 വികസന ഫണ്ട് ജനറൽ | 586433/23.3.20 | | ഏറാമല ഗ്രാമപഞ്ചായത്തിലെ 16/19-20 പദ്ധതിയിൽ സുകുമാരൻ.കെ എന്നവരുടെ പേരിൽ തുക നൽകി. വിനിയോഗ വിവരം ലഭിച്ചില്ല |
| 76/19-20 ജില്ലാ ആസൂത്രണ സമിതി കെട്ടിടത്തിന് കോൺഫറൻസ് ഹാൾ ആധുനിക വൽക്കരിക്കൽ | 50000 വികസന ഫണ്ട് ജനറൽ | 340971/25.2.20 | | ജില്ലാ പ്ലാനിങ്ങ് ഓഫീസർക്ക് തുക നൽകി വിനിയോഗ വിവരം ലഭിച്ചിട്ടില്ല |
| 38)ക്ഷീര കർഷകർക്ക് മിൽക് ഇൻസെന്റീവ് | 864071 | -- | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ഏറാമല-6,00,000/-<br>ചോറോട്-1,44,071/-<br>ഒഞ്ചിയം-1,20,000/- |
| 45)വനിത ക്ഷീര കർഷകർക്ക് മിൽക് ഇൻസെന്റീവ് | 854463 | -- | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ഏറാമല-4,17,432/-<br>ചോറോട്-1,87,031/-<br>ഒഞ്ചിയം-2,50,000/- |
| S0030/20/ഭിന്നശേഷി വിഭാഗത്തിൽപെട്ട കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിഹിതം പഞ്ചായത്തുകൾക്ക് കൈമാറൽ | 150000<br>150000<br>200000<br>200000<br>50000<br>50000<br>50000<br>ആകെ 850000/- | 2/19-20/ 27.8.19<br>5/19-20/ 4.9.19<br>6/19-20/4.9.19<br>7/19-20/4.9.19<br>328/25.3.20<br>371/26.3.20<br>249/27.3.20 | സിഡിപിഒ | അഴിയൂർ ഗ്രാമപഞ്ചായത്ത്<br>ഒഞ്ചിയം ഗ്രാമപഞ്ചായത്ത്<br>ചോറോട് ഗ്രാമപഞ്ചായത്ത്<br>ഏറാമല ഗ്രാമപഞ്ചായത്ത്<br>ഏറാമല ഗ്രാമപഞ്ചായത്ത്<br>ചോറോട് ഗ്രാമപഞ്ചായത്ത്<br>ഒഞ്ചിയം ഗ്രാമപഞ്ചായത്ത് |
| S0082/20/അനുപൂരക | 100000 | 327/25.3.20 | സിഡിപിഒ | ഏറാമല |

| | | | | |
|---|---|---|---|---|
| പോഷകാഹാരം-ചോറോട്, ഏറാമല ഗ്രാമപഞ്ചായത്തുകൾക്ക് വിഹിത ബ്ലോക്ക് | 100000 ആകെ 850000/- | 370/26.3.20 | | ഗ്രാമപഞ്ചായത്ത് ചോറോട് ഗ്രാമപഞ്ചായത്ത് |

മേൽ തുകകളുടെ വിനിയോഗം കൃത്യമായി മോണിറ്റർ ചെയ്യപ്പെട്ടിട്ടില്ല. ഇത് കാരണം ബ്ലോക്ക് പഞ്ചായത്ത് ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നൽകിയ തുകകൾ സമയബന്ധിതമായി വിനിയോഗിക്കപ്പെടുകയോ മേൽ പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കുകയോ ചെയ്തിട്ടുണ്ടോ എന്നത് വ്യക്തമല്ല. മറ്റ് ഏജൻസികൾക്ക് കൈമാറുന്ന തുകയുടെ വിനിയോഗം കൃത്യമായി മോണിറ്റർ ചെയ്യേണ്ടതും, മേൽ തുകകളുടെ വിനിയോഗവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 റീബോൺ-ഭിന്നശേഷി സമഗ്ര പദ്ധതി

സമൂഹത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു വിഭാഗമാണ് ഭിന്നശേഷിക്കാർ. പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം ഭിന്നശേഷിയുള്ളവർക്ക് ക്ഷേമ പരിപാടികളും പുനരധിവാസ-വികസന പരിപാടികളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും ഏറ്റെടുക്കാവുന്നതാണ്. വടകര ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ അത്തരമൊരു പദ്ധതിയാണ് റീബോൺ. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ നാല് പഞ്ചായത്തുകളിലായി ഭിന്നശേഷി സർവ്വെ നടത്തി പുനരധിവാസ പ്രക്രിയയ്ക്ക് അനുയോജ്യമായ രീതിയിൽ വിവിധ മേഖലയിൽ തൊഴിൽ പരിശീലനം നൽകി വരുന്നുണ്ട്.

റീബോൺ പദ്ധതിയുടെ ഭാഗമായി സി.എച്ച്.സി യോട് അനുബന്ധിച്ച് പ്രത്യേക കെട്ടിടത്തിൽ ബഹുവിധ വൈകല്യങ്ങൾ സ്ക്രീനിംഗിലൂടെ നിർണ്ണയിച്ച് ആവശ്യമായ ചികിത്സ നൽകുന്നതിന് ഏർലി ഇന്റർവെൻഷൻ ക്ലിനിക്ക് ആരംഭിക്കുകയും സ്പീച്ച് തെറാപ്പി ,ഒക്യുപേഷനൽ തെറാപ്പി ,ഫിസിയോതെറാപ്പി തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്തു. രക്ഷിതാക്കൾക്ക് പരിശീലനം നൽകി അവരെ പ്രാപ്തരാക്കുന്നതിനും, ഒപ്പം കൂട്ടായ്മ രൂപീകരിക്കുകയും ചെയ്തു. കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക ഉല്ലാസം ഉറപ്പുവരുത്തുന്ന തരത്തിൽ പരിപാടികൾ നടത്തി.

ബ്ലോക്ക് പരിധിയിലുള്ള 18 വയസ്സിന് മുകളിലുള്ള മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ ഉൾപ്പെടുത്തി അവരിൽ ഓരോരുത്തരിലുമുള്ള ശേഷികൾക്കനുസരിച്ച് തൊഴിൽ പരിശീലനം നൽകി തൊഴിൽ നേടാൻ സഹായിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തി. തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളെ സ്വയം പര്യാപ്തരാക്കുന്നതിന് വേണ്ടി ആശയവിനിമയം, സാമൂഹിക ഇടപെടൽ പൊതു ഗതാഗതം ഉപയോഗപ്പെടുത്തൽ എന്നീ മേഖലകളിൽ ശ്രദ്ധ ചെലുത്തുന്നു. ഓഫീസ് മാനേജ്മെന്റ്, കമ്പ്യൂട്ടർ ഡാറ്റ എൻട്രി, തയ്യൽ പരിശീലനം, കരകൗശല വസ്തുക്കളുടെ നിർമ്മാണം, പൂച്ചെട്ടി നിർമ്മാണം, സോപ്പ്/ഹാന്റ് വാഷ് നിർമ്മാണം തുടങ്ങി വിവിധ മേഖലയിൽ തൊഴിൽ പരിശീലനം നൽകി വരുന്നുണ്ട്. 18 വയസ്സിനു മുകളിലുള്ള 24 പഠിതാക്കളാണ് ഉണ്ടായിരുന്നത്. രാവിലെ വീട്ടിൽ നിന്നും വാഹനത്തിൽ എത്തിച്ച് വൈകീട്ട് വീട്ടിൽ എത്തിക്കുന്നത് വരെ ഉള്ള മുഴുവൻ ചെലവുകളും പ്രോജക്റ്റ്, സ്പോൺസർമാർ എന്നിവരിൽ നിന്നും കണ്ടെത്തുന്നു. വിവിധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്ലെയ്സ്മെന്റ് നൽകുന്നു.

പദ്ധതി നടത്തിപ്പിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഫർണ്ണിച്ചർ, പാത്രങ്ങൾ, പഠനോപകരണങ്ങൾ, തെറാപ്പി മെറ്റീരിയൽസ് എന്നിവ വാങ്ങുന്നതിനും ഫിസിയോതെറാപ്പിസ്റ്റ് തൊഴിൽ പരിശീലനം നൽകുന്നതിനും മറ്റുമായി ജീവനക്കാരെ നിയമിക്കുകയും ചെയ്യുന്നതിന് ഈ പ്രോജക്റ്റ് പ്രകാരം തുക വിനയോഗിച്ചിട്ടുണ്ട്. ശാരീരിക ആരോഗ്യത്തിന് അനുയോജ്യമായ രീതിയിൽ പഴം, പച്ചക്കറികൾ, മത്സ്യമാംസാദികൾ ഉൾപ്പെടുത്തിയുള്ള ഭക്ഷണക്രമം,മാനസിക സന്തോഷത്തിനായുള്ള കലോത്സവങ്ങൾ, മറ്റ് ആഘോഷ പരിപാടികൾ, രക്ഷിതാക്കൾക്കായുള്ള പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി കണ്ണൂരിലേക്ക് വിനോദയാത്രയും

സംഘടിപ്പിച്ചു.

വൈകല്യങ്ങൾ നേരത്തെ തിരിച്ചറിയുന്നതിന് ശാസ്ത്രീയമായി ഇടപെടുന്നതിനുള്ള സംവിധാനം ലഭ്യമാക്കിയതിലൂടെ ഭിന്നശേഷിക്കാരായ കുട്ടികളുടെ അവസ്ഥയിൽ നല്ല രീതിയിൽ മാറ്റം കൊണ്ടുവരുന്നതിനും അതിനോടൊപ്പം തന്നെ ഇത്തരത്തിലുള്ള കുട്ടികൾക്ക് ശാസ്ത്രീയമായി ശ്രദ്ധയും പരിചരണവും നൽകുന്നതിനും രക്ഷിതാക്കളെ പ്രാപ്തരാക്കാൻ സാധിച്ചു. അതുവഴി ഭിന്നശേഷി വിഭാഗത്തിൽ പ്പെട്ട വ്യക്തികളുടെ പുനരധിവാസം എളുപ്പമാക്കി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ സഹായകമാകുന്നു.

ഭിന്നശേഷിക്കാരായ ഓരോ വ്യക്തിയും വ്യത്യസ്തമായ ശേഷിയുള്ളവരാണ്. ഓരോ വ്യക്തിയിലും ഇത്തരത്തിലുള്ള ശേഷികൾ പരിപോഷിപ്പിച്ചുകൊണ്ട് തൊഴിൽ പരിശീലനം നൽകുന്നത് വഴി അവരെ സ്വയം പ്രാപ്തരാക്കാൻ സാധിക്കുന്നു.

ഭിന്നശേഷിക്കാർ മാറ്റി നിർത്തപ്പെടേണ്ടവരല്ല നമ്മളോടൊപ്പം നിൽക്കേണ്ടവരാണ് എന്ന തത്ത്വം പ്രാവർത്തികമാക്കിയ റീബോൺ പദ്ധതി നടപ്പിലാക്കുന്നതിന് പ്രയത്നിച്ച ഓരോ വ്യക്തിയും ഭരണസമിതി നിർവ്വഹണദ്യോഗസ്ഥൻ തുടങ്ങി എല്ലാവരും അഭിനന്ദനം അർഹിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 17-3-2022 | |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറുകൾ നൽകിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| PWD | ഓർക്കാട്ടേരി സാമൂഹ്യ കേന്ദ്രത്തിൽ ജനറേറ്റർ | 967130 | 967130 | 0 |

| | | | | |
|---|---|---|---|---|
| ഇലക്ട്രിക്കൽ വിങ് | സ്ഥാപിക്കൽ | | | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 8 | 2004-05 | II 3-1 | ഒഞ്ചിയം റൂറൽ സാനിറ്ററി മാർട്ട് | റിപ്പോർട്ട് സമർപ്പിച്ചു |
| 2003-04 | 3(3) | 2005-06 | 70(4) | ഐ.എ.വൈ ഭവന നിർമ്മാണം പൂർത്തിയാകാത്തത് | ഭവന നിർമ്മാണം പൂർത്തിയായതാണ്. റിപ്പോർട്ട് സമർപ്പിച്ചു. |
| 2003-04 | 3(4) | 2005-06 | 70(4) | ഐ.എ.വൈ ഭവന നിർമ്മാണം പൂർത്തിയാകാത്തത് | ഭവന നിർമ്മാണം പൂർത്തിയായതാണ്. റിപ്പോർട്ട് സമർപ്പിച്ചു. |
| 2003-04 | 3(1) | 2005-06 | 70(1) | വനിതാ വ്യവസായ എസ്റ്റേറ്റ് | മറുപടി സമർപ്പിച്ചു. |
| 2003-04 | 3(7) | 2005-06 | 70(3) | പട്ടികജാതി വനിതകൾക്ക് ഇലക്ട്രോണിക്സ് പരിശീലനം | മറുപടി സമർപ്പിച്ചു. |
| 2013-14 | 3(7) | 2013-14 | 5.3.5(13)(4) | അഴിയൂർ മിനി വ്യവസായ എസ്റ്റേറ്റ് | മറുപടി സമർപ്പിച്ചു. |

4-8 ചാർജ്/സർചാർജ്

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 22242364 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 22265501 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9075075 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖ. നം. | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യഗപ്പേരും |
|---|---|---|
| 1-11 | 395000 | സുഷമ കെ പി, കൃഷി.അസി ഡയറക്ടർ |
| 1-14 | 10000 | രജിത കെ,സെക്രട്ടറി |
| 1-16 | 16625 | ധന്യ ടി എൻ, സിഡിപിഒ |
| 1-18 | 1070408 | രജിത കെ,സെക്രട്ടറി |
| 1-18 | 3419502 | സരുൺ കെ,സെക്രട്ടറി |
| 1-18 | 1395006 | കണ്ണൻ കെ ,ജോയിന്റ് ബി ഡി ഒ(സെക്രട്ടറി I/C) |
| 1-18 | 1718534 | ശ്രീജിത്ത് പി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-18 | 105000 | ധന്യ ടി എൻ, സിഡിപിഒ |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും, സ്ഥിരം മേൽവിലാസവും

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|

| | |
|---|---|
| സുഷമ കെ പി, കൃഷി.അസി ഡയറക്ടർ | കൃഷി അസി ഡയറക്ടർ, മിനി സിവിൽ സ്റ്റേഷൻ,<br>വടകര |
| രജിത കെ,സെക്രട്ടറി | വരപ്രസാദം, ചിനിയുള്ളതിൽ,<br>ബാലുശ്ശേരി-673612 |
| ധന്യ ടി എൻ, സിഡിപിഒ | തെക്കണാംപറമ്പത്ത്,എലത്തേരി,മേലൂർ,<br>കൊയിലാണ്ടി-673319 |
| സരുൺ കെ,സെക്രട്ടറി | ശ്രീരാഗം,ചോറോട് ഈസ്റ്റ്, വടകര |
| കണ്ണൻ കെ ,ജോയിന്റ് ബി ഡി ഒ (സെക്രട്ടറി I/C) | കിരൺ നിവാസ്, മനിയിൽ പറമ്പത്ത്,<br>എരിമായൂർ,പാലക്കാട്-678546 |
| ശ്രീജിത്ത് പി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | പാലക്കാട്ടിൽ വീട്, കോട്ടയം-686102 |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(2) തീയതി 26.5.2018 | 8 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(3) തീയതി 26.5.2018 | 1(3), 1(4), 3(3),<br>3(4), |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(5) തീയതി 26.5.2018 | 3(2) |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(7) തീയതി 26.5.2018 | 3(11) |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(10) തീയതി 26.5.2018 | 3(3), 37(3) |

| | | |
|---|---|---|
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(11) തീയതി 26.5.2018 | 3-2-(4), 3-3(5), 3-6, 3-9, 3-10, 3-17. |
| 2013-14 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(12) തീയതി 26.5.2018 | 3-1, 3-2, 3-7, 3-8 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(13) തീയതി 26.5.2018 | 3-1, 3-4, 3-9, 3-10, 3-11, 3-14. |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.7/1761 /2018തീയതി.15.10.2018 | 1-12, 2-3, 3-1(1), 3-2, 3-5, 3-6, 3-8, 3-10, 3-11, 3-12. |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി.12/380 /2020തീയതി.13-5-20 | 1-10(1),(2),(3),1-12,1-13,1-14,1-15, 1-16,1-17,1-18,1-19, 1-20,1-21,1-23,1-24,4-10 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്